## സൂര്യനെല്ലിക്കേസിൽ തുടരന്വേഷണം

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, സൂര്യനെല്ലിക്കേസിൽ തുടരന്വേഷണം നടത്തുന്നത് നിയമപരമായി ശരിയല്ല എന്നുള്ളതുകൊണ്ട് അത് സാധ്യമല്ലെന്നും സാധാരണ ജനങ്ങൾ പറയുന്നതനുസരിച്ച് ഗവൺമെന്റ് പ്രവർത്തിക്കേണ്ടതില്ലെന്നുമുള്ള ധാർഷ്ഠ്യം നിറഞ്ഞ മറുപടിയാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞത്. ആഭ്യന്തര വകുപ്പുമന്ത്രിയും അതിനോട് അനുകൂലിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിച്ചത്. സൂര്യനെല്ലിക്കേസിൽ തന്നെ പീഡിപ്പിച്ച ശ്രീ. പി.ജെ. കുര്യനെ സംബന്ധിച്ച് 17 കൊല്ലമായി ഒരേ അഭിപ്രായത്തിൽത്തന്നെയാണ് ആ പെൺകുട്ടി നിൽക്കുന്നത്. പുനരന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തുതന്നെ കീഴ്വഴക്കമുണ്ട്. അഞ്ചേരി ബേബി വധക്കേസിലെ പ്രതികളുടെ പ്രശ്നത്തെ സംബന്ധിച്ച് പുതിയ അന്വേഷണത്തിന്റെ സാധ്യതകൾ തെളിയുകയും അതനുസരിച്ച് ശ്രീ. എം.എം. മണിയേയും കൂട്ടരേയുമെല്ലാം അറസ്റ്റ് ചെയ്ത് കൽത്തുറങ്കിലടയ്ക്കുകയും ചെയ്തതാണ്. ശ്രീ. പി.ജെ. കുര്യൻ നാലുമണി മുതൽ എട്ടുമണി വരെ തിരുവല്ലായിലെ ഇടിക്കുളയുടെ വീട്ടിൽ ഉണ്ടായിരുന്നുവെന്ന് പറഞ്ഞ് ഈ കേസ്സിൽനിന്നും രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. എന്നാൽ ഇടിക്കുളയുടെ സഹധർമ്മിണിയായ അന്നമ്മ പറഞ്ഞത് നാല് മണിക്ക് അവിടെ വരുകയും നാലേമുക്കാൽ ആയപ്പോൾ അവിടെനിന്ന് പോവുകയും ചെയ്തുവെന്നാണ്. അന്നുതന്നെ ബി.ജെ.പി-യുടെ ആലപ്പുഴ നേതാവ് ആദ്യം പറഞ്ഞത് തെറ്റായിപ്പോയിയെന്ന് മനസ്സിലാക്കി അന്നമ്മ പറഞ്ഞത് ശരിയാണെന്ന് പറയുകയും ചെയ്തു. ജനങ്ങൾ പറഞ്ഞാലും precedent ഉണ്ടായാലും അത് സ്വീകരിക്കുകയില്ലെന്ന മുഖ്യമന്ത്രിയുടേയും ആഭ്യന്തര വകുപ്പുമന്ത്രിയുടേയും

നിലപാട് തിരുത്തേണ്ട സമയമായിരിക്കുകയാണ്. സത്യസന്ധമായി കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുമെങ്കിൽ ശ്രീ. പി.ജെ. കുര്യന്റെ പ്രശ്നം തുടരന്വേഷണത്തിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതെന്നാണ് എനിക്ക് മുഖ്യമന്ത്രിയോടും ആഭ്യന്തര വകുപ്പുമന്ത്രിയോടും പറയാനുള്ളത്. ഇതുപോലുള്ള കേസുകൾക്ക് ഇന്ന് എത്രയധികം പ്രാധാന്യമാണ് കേന്ദ്രഗവൺമെന്റ് കൊടുത്തിരിക്കുന്നതെന്ന് ഈ ഗവൺമെന്റിന് മനസ്സിലാക്കുവാൻ കഴിയാത്തത് വളരെ കഷ്ടമാണ്. പഴയ നിലപാട് തുടരാനാണ് ഭാവമെങ്കിൽ അത് ഒരുതരത്തിലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഈ വിഷയത്തിൽ വനിതാ സംഘങ്ങൾ പ്രതിഷേധിച്ചതിന്റെ പേരിൽ അവരെ അറസ്റ്റുചെയ്ത് ജയിലിലടച്ചിരിക്കുകയാണ്. പുനരന്വേഷണത്തിന് തുനിയണമെന്നാണ് അവരും പറഞ്ഞത്. ഇത്തരത്തിൽ തെറ്റുകളിൽ നിന്നും തെറ്റുകളിലേയ്ക്ക് പോകുന്ന സമീപനം ഈ ഗവൺമെന്റ് എടുക്കുന്നത് ശരിയല്ല. തുടരന്വേഷണം നടത്തുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് വിശേഷിച്ച് മുഖ്യമന്ത്രിയടക്കമുള്ള ആളുകളോട് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് സംബന്ധിച്ച് നേരത്തേതന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ തുറന്ന സമീപനമാണുള്ളത്. ഏത് നടപടി എടുക്കുമ്പോഴും നിയമപരമായി പരിശോധിച്ചശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗവൺമെന്റിന് മുന്നോട്ട് പോകുവാൻ സാധിക്കൂ. നിയമസഭയിൽ ഉണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പറഞ്ഞത് നിയമോപദേശത്തിനുവേണ്ടി കാത്തിരി

ക്കുകയാണെന്നാണ്. നിയമോപദേശം ലഭിക്കുവാൻ പോകുന്നതേയുള്ളൂ. ഇതുവരെ കിട്ടിയിട്ടില്ല. കിട്ടിയതിനുശേഷം എല്ലാ വശങ്ങളും പരിശോധിക്കു ന്നതാണ്. ഇതിന്റെ പശ്ചാത്തലം ഈ സഭയിൽ നിരവധി പ്രാവശ്യം ചർച്ച ചെയ്തതായതുകൊണ്ട് ആവർത്തിക്കുന്നില്ല. പക്ഷേ, അങ്ങ് സൂചിപ്പിച്ച തിനാൽ ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് പറയാതിരിക്കുന്നത് ശരിയല്ലായെന്ന് കരുതുന്നു. തൊടുപുഴ അഡീഷണൽ സെഷൻസ് കോർട്ടിൽ 417/2005-ആയി ഈ കേസ് വന്നതാണ്. ആ കോടതിയുടെ വിധിക്കുമേൽ ഹൈക്കോട തിയിൽ അപ്പീൽ പോയതാണ്. ഹൈക്കോടതി ഡിസ്ചാർജ് പെറ്റീഷൻ അംഗീ കരിച്ചതാണ്. ഡിസ്ചാർജ് പെറ്റീഷനുമേൽ അന്നത്തെ ഗവൺമെന്റ് സുപ്രീംകോടതിയിൽ പോയതുമാണ്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, തിരുവല്ലയിലെ ഇടിക്കുളയുടെ വീട്ടിൽ പോയെന്നും 4 മണി മുതൽ അവിടെയായിരുന്നുവെന്നുമാണ് ശ്രീ. പി.ജെ. കുര്യൻ അന്ന് പറഞ്ഞുപ്രചരിപ്പിച്ചത്. പക്ഷേ അത് വസ്തുതാവിരുദ്ധമാണ്. 4 മണിക്ക് വീട്ടിൽ വന്നു, 4.45-ന് അവിടെ നിന്നും പോയി എന്ന് ഇടിക്കുളയുടെ സഹധർമ്മിണി അന്നമ്മ തന്നെ പറഞ്ഞു. രണ്ട് വാഹനങ്ങളിലായിട്ടാണ് വന്നതെന്നും ഒരു വണ്ടിയിൽ സെക്യൂരിറ്റിക്കാരാ യിരുന്നുവെന്നും പറഞ്ഞു. അങ്ങനെ ശ്രീ. പി.ജെ. കുര്യൻ കോടതിയേയും ജനങ്ങളേയും തെറ്റിധരിപ്പിച്ചത് ശരിയല്ലെന്ന്, ഏത് വീട്ടിൽപ്പോയി 8 മണിവരെ കഴിഞ്ഞുവെന്ന് പറഞ്ഞുവോ ആ വീട്ടിലെ വീട്ടുകാരിതന്നെ പറയുകയാണ് 4.45-ന് പോയി എന്ന്. അപ്പോൾ 8 മണിവരെ അവിടെ താമസിച്ചുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. വേറെ എവിടെയോ പോയിട്ടുണ്ടെന്നാണ് ഇപ്പോൾ തെളിഞ്ഞിരിക്കുന്നത്. ആ സാഹചര്യത്തിൽ, ഈ സഭയെ

തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടിയെടുത്ത നിലപാട് നിങ്ങൾ തിരുത്തണം. ശ്രീ. പി.ജെ. കുര്യന് ഈ കാര്യത്തിലുള്ള പങ്ക് തുടരന്വേഷണ ത്തിൽപ്പെടുത്തണമെന്ന് ഞാൻ വിനീതമായി വീണ്ടും വീണ്ടും ആവശ്യപ്പെടുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങയുടെ ആവശ്യത്തിന്റെ അവസാനം പറഞ്ഞ പോയിന്റ് തുടരന്വേഷണം വേണമെന്നാണ്. ഒരു കേസിൽ തുടരന്വേഷണം വേണമെങ്കിൽ നിയമപരമായി ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. ആ നിയമ പ്രശ്നത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇത് ഇപ്പോൾ ഹൈക്കോടതിയുടെ പ്രോപ്പർട്ടിയായി നിൽക്കുകയാണ്. സുപ്രീംകോടതിയിൽ നിന്നും ഹൈക്കോടതിയിലേയ്ക്ക് അപ്പീൽ കേൾക്കുന്നതുവേണ്ടി വിട്ടിരിക്കുകയാണ്. അതുകൊണ്ട് കോടതിയിലിരിക്കുന്ന ഒരു പ്രോപ്പർട്ടിയെന്ന നിലയിൽ കോടതിയുടെ തീരുമാനത്തിനപ്പുറം ചെയ്യുന്നതിന് പ്രയാസമുണ്ട്, നിയമപരമായി ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ തുറന്ന മനസ്സോടുകൂടി നിൽക്കുകയാണ്. .....(ബഹളം).......

ഡോ. ടി.എം. തോമസ് ഐസക് : ഇക്കാര്യത്തിൽ നിങ്ങളുടെ നയം എന്താണെന്ന് വ്യക്തമാക്കിക്കൂടെ? .......(ബഹളം).........

മി. സ്പീക്കർ : പ്ലീസ്.... പ്ലീസ്. ....(ബഹളം).... രണ്ടുകൂട്ടരും ഇരിക്കണം .....(ബഹളം)..... പ്ലീസ്..... പ്ലീസ്.....

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : സർ, ശ്രീ. പി.ജെ. കുര്യൻ 4 മണി മുതൽ ഇടിക്കുളയുടെ വീട്ടിൽ കഴിയുകയായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് വിശ്വസിച്ച് നിങ്ങൾ തുടരന്വേഷണം വേണ്ട എന്ന

നിഗമനത്തിൽ ആദ്യം എത്തിയെന്നുള്ളത് ശരി. എന്നാൽ, ശ്രീ. പി.ജെ. കുര്യൻ പറഞ്ഞത് ശരിയല്ലായെന്നാണ് ഇടിക്കുളയുടെ സഹധർമ്മിണി ഇപ്പോൾ വ്യക്തമാക്കിയിരിക്കുന്നത്. ആ സാഹചര്യത്തിൽ നിങ്ങളുടെ പഴയ നിലപാട് മാറ്റാൻ തയ്യാറാകേണ്ടതല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്. കോടതിയെ നിങ്ങൾ ആദ്യം ധരിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയതായി കാര്യങ്ങൾ ധരിപ്പിക്കേണ്ടിയിരിക്കുകയാണ്. അങ്ങനെ ചെയ്യേണ്ടതല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2007-ൽ വന്ന ഒരു വിധിയാണ്, അങ്ങ് 2011 വരെ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നതാണ്. ......(ബഹളം)...... എത്രയോ വർഷമായി തുടർന്നുവരുന്ന ഒരു കേസ്സാണിത്. ആ കേസ്സിൽ 2007-ൽ സുപ്രീംകോടതിയുടെ ഫൈനൽ വിധി വന്നതാണ്. 2007-നുശേഷം 2011 വരെയുണ്ടായിരുന്ന ഭരണകാലത്ത് ഇങ്ങനെയൊരു തീരുമാനം എന്തുകൊണ്ട് നിങ്ങളെടുത്തില്ല എന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട ചോദ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ പ്രശ്നത്തിലെ പ്രധാനപ്പെട്ട ഒരു ഡിഫെൻസായി പറയുന്നത് മുമ്പ് എന്തുകൊണ്ട് ഇത് പരിശോധിച്ചില്ല എന്നാണ്. അന്ന് ഇല്ലാത്ത ഒരു സാഹചര്യം ഇപ്പോൾ ഉണ്ടായി എന്ന കാര്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി .......(ബഹളം)........

മി. സ്പീക്കർ : നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്? ബഹുമാന പ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വഴങ്ങിയതുകൊണ്ടാണ് ശ്രീ. കോടിയേരി

ബാലകൃഷ്ണൻ സംസാരിക്കുന്നത്. അദ്ദേഹം സംസാരിക്കട്ടെ. .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സൂര്യനെല്ലിക്കേസ്സിൽ ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കിയതുകൊണ്ടാണ്................

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിൽ ഇതെല്ലാമുണ്ട്. അതിന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ. പ്ലീസ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അദ്ദേഹത്തിന് ക്ലാരിഫിക്കേഷൻ ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം.

മി. സ്പീക്കർ : ക്ലാരിഫിക്കേഷൻ അദ്ദേഹത്തിനറിയാം. അദ്ദേഹം പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അദ്ദേഹം വഴങ്ങിയതാണ്. തുടരന്വേഷണം ഇപ്പോൾ സാധ്യമല്ലന്നുള്ളതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, സുപ്രീംകോടതി വരെ പരിശോധിച്ചതാണ്. മറ്റൊന്ന്, നിയമോപദേശം കിട്ടണം എന്നാണ്. ഇവിടെ സുപ്രീംകോടതി വരെ പരിശോധിച്ച രണ്ട് കേസ്സുകളിൽ തുടരന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിട്ടിരുന്നു. സുപ്രീംകോടതിവരെ പരിശോധിച്ച് തീരുമാനമെടുത്ത ജയകൃഷ്ണൻ വധക്കേസിൽ ഒരു നിയമോപദേശവും വാങ്ങാതെ ഗവൺമെന്റ് സ്വമേധയാ തുടരന്വേഷണത്തിന് ഉത്തരവിട്ടു. അഞ്ചേരി ബേബി വധക്കേസ്, വർഗ്ഗീസ് വധക്കേസ് എന്നിവയിലും തുടരന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിട്ടു. ഇങ്ങനെ തുടരന്വേഷണത്തിന് ഉത്തരവിടാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. ഈ കേസിനുമാത്രം അങ്ങനെ ചെയ്യില്ലായെന്നൊരു നിലപാട് സ്വീകരിക്കുന്നത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കോടതിയുടെ

ഉപദേശപ്രകാരവും ചെയ്യാം. മുഖ്യമന്ത്രി പറഞ്ഞത്, 17 വർഷം മുമ്പ് പറഞ്ഞതുതന്നെയാണ് ഇപ്പോൾ പറയുന്നതെന്നാണ്. അതിൽനിന്നും വ്യത്യസ്തമായ മൊഴി ഇന്നലെ വന്നുവെന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. ഈ പുതിയ പ്രശ്നത്തിൽ തുടരന്വേഷണത്തിന് ഉത്തരവിടാൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ രണ്ട് കേസ്സുകളെ കൂട്ടിക്കുഴച്ച് കൺഫ്യൂഷനുണ്ടാക്കുവാൻ ശ്രമിക്കുകയാണ്. .......(ബഹളം) .... ഞാനൊന്ന് പറയട്ടെ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞപ്പോഴും ഞാൻ ഒരു ശബ്ദവും ഉണ്ടാക്കാതെ എല്ലാം കേട്ടിരുന്നല്ലോ. അപ്പോൾ ഞാൻ പറയുന്നതുംകൂടി കേൾക്കാനുള്ള ഒരു ജനാധിപത്യമര്യാദയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ശ്രീ. എം.എം. മണിയുടെ കേസ് ഒരു ഓപ്പൺ കൺഫെഷനാണ്. ആ കൺഫെഷനെതിരായി അപ്പോഴൊരു കേസ്സെടുത്തു. കേസ്സെടുക്കുന്നത് ശരിയല്ലായെന്നുപറഞ്ഞ് അദ്ദേഹം ഹൈക്കോടതിയിൽ പോയി. കേസ്സെടുക്കാൻ ഗവൺമെന്റിന് അധികാരമുണ്ട് എന്നുപറഞ്ഞ് ഹൈക്കോടതി വിധിച്ചു. അതിന് അപ്പീലായി സുപ്രീംകോടതിയിൽ പോയി. ഗവൺമെന്റ് എടുത്ത നിലപാട് ശരിയാണെന്ന് സുപ്രീംകോടതി വിധിച്ചു. ഇനി ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അതുകൊണ്ട് അതെല്ലാം നിയമത്തിന്റെ പാതയിലൂടെ തന്നെയാണ് പോന്നിട്ടുള്ളത്. നിയമംവിട്ട് ഒരുവഴിക്കും പോയിട്ടില്ല. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, ഒരു ഡിസ്ചാർജ് പെറ്റീഷനുള്ള, ഒരു വ്യക്തിക്കെതിരെ വീണ്ടും പുനരന്വേഷണം വേണമെന്നുള്ളതാണ് ആവശ്യം.

കോടതിയിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയം കോടതി തീരുമാനിക്കേണ്ടിവരും. അല്ലെങ്കിൽ ഇതിന്റെ നിയമവശം എന്ത് എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റിന് നിയമോപദേശം കിട്ടേണ്ടിവരും. ഇത് രണ്ടുമില്ലാതെ ഒരു തീരുമാനം ഇപ്പോൾത്തന്നെ പറയണമെന്നത് കാർക്കശമായ വാദം മാത്രമാണ്. അങ്ങനെയൊരു വാദത്തോടൊപ്പം ഒരു ഗവൺമെന്റിനും നിൽക്കാൻ സാധ്യമല്ല. നിയമത്തിന്റെ വഴിക്ക് മാത്രമല്ലേ നിയമത്തിന് പോകാൻ കഴിയൂ? മറ്റൊന്ന്, പിന്നീടുണ്ടായ കുറെ ഡിസ്ക്ലോഷറിനെക്കുറിച്ചുപറഞ്ഞു. അവിടെ അന്നമ്മയുടെ ഡിസ്ക്ലോഷർ മാത്രമല്ല പ്രതിപക്ഷ നേതാവിന്റേതായ ഒരു ഡിസ്ക്ലോഷർകൂടി വന്നല്ലോ. പി. ശശിയും മറ്റ് ആരോകൂടി ചേർന്നാണ് ഇതിൽ കുഴപ്പമുണ്ടാക്കിയത് എന്നൊരു ഡിസ്ക്ലോഷർ വന്നിട്ടില്ലേ? അപ്പോൾ ഇതൊക്കെ ഇതിന് പുറത്തുള്ള ചർച്ചകളാണ്. ......(ബഹളം)....... ശാന്തമായി കേൾക്കൂ. ആ ചർച്ചകളുടെ മാത്രം അടിസ്ഥാനത്തിൽ ഇതുപോലൊരു കേസ്സിൽ പുനരന്വേഷണമാകാം എന്ന് ഒരു ഗവൺമെന്റിന് പറയാൻ കഴിയുമോ? നിയമപരമായി തീരുമാനം വരട്ടെ, ഞങ്ങൾക്ക് അതിനുള്ള ഉപദേശം കിട്ടട്ടെ. ഗവൺമെന്റ് ഈ കാര്യത്തിൽ തുറന്ന മനസ്സോടുകൂടി നിൽക്കുകയാണ്. ഉപദേശം ലഭിച്ചാൽ ആ ഉപദേശത്തിനനുസരിച്ച് ഗവൺമെന്റ് പോകാൻ ബാദ്ധ്യസ്ഥമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ലീഗൽ ഒപ്പിനിയൻ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ച് ഒരു തീരുമാനമെടുക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. അന്നമ്മയുടെ മൊഴി മാറിയതുമായി ബന്ധപ്പെട്ട കാര്യമാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഇതുസംബന്ധിച്ച് നായനാർ ഗവൺമെന്റിന്റെ കാലത്ത് വിശദമായ അന്വേഷണം നടത്തി കോടതിയിൽ കൊടുത്ത പേപ്പേഴ്സ് ഇന്നൊരു പൊതുസ്വത്താണ്. അത് എല്ലാവരുടെ കയ്യി

ലുമുണ്ട്; ശ്രീ. പി.ജെ. കുര്യൻ അവിടെ എത്ര സമയമുണ്ടായിരുന്നു എന്ന് അതിൽ 9 പേരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തി ലല്ല അന്വേഷണ സംഘം അത്തരമൊരു നിഗമനത്തിലെത്തിയത്. അദ്ദേഹം ബി.എസ്.എൻ.എൽ. ഫോണിൽ നിന്നും 23 പേരെ വിളിച്ചിട്ടുണ്ട്. 23 പേരെ വിളിച്ചതിന്റെ ബി.എസ്.എൻ.എൽ-ന്റെ ടൈം വച്ചുള്ള തെളിവ് അവിടെയുണ്ട്. വിളിച്ച 23 പേരുടേയും മൊഴിയും എടുത്തിട്ടുണ്ട്. അവരും ആ സമയത്ത് ഇദ്ദേഹവുമായി സംസാരിച്ചിരുന്നു എന്നുള്ള എല്ലാ തെളിവുകളും നേരിട്ടുള്ള മൊഴികളും സാങ്കേതികമായ തെളിവുകളും എടുത്ത് ആ സമയം അവിടെ യുണ്ട് എന്ന നിഗമനത്തിലെത്തിയതിന്റെ റിപ്പോർട്ടാണ് കോടതിയിൽ കൊടു ത്തത്. ആ റിപ്പോർട്ട് കൊടുത്തതിന്റെ പേരിൽ നായനാർ ഗവൺമെന്റ്, ക്യാബിനറ്റിൽ തീരുമാനിച്ചതനുസരിച്ച് ശ്രീ. സിബി മാത്യുവിന് പ്രത്യേകമായ അഭിനന്ദനവും ശ്രീ. കെ.കെ. ജോഷ്വയ്ക്ക് അഡീഷണൽ ഇൻക്രിമെന്റും കൊടുക്കുന്നതിനുള്ള തീരുമാനവും എടുത്തു. ഒരു ഗവൺമെന്റിന് നിയമപ്ര കാരം മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഞങ്ങൾക്ക് നിയമപര മായി ഈ കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമോ അത് ചെയ്യും; ബഹുമാ നപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ രണ്ട് കേസ്സുകൾ ഇവിടെ ചൂണ്ടി ക്കാണിച്ചു. ആ രണ്ട് കേസ്സുകളും പരിശോധിക്കാം. അതുപോലെയാണോ ഈ കേസ്സ് എന്നുള്ളത് സംബന്ധിച്ച് നിയമപരമായ ഉപദേശം ചോദിക്കാം. ജയകൃഷ്ണൻ മാസ്റ്റർ വധക്കേസിൽ അദ്ദേഹത്തിന്റെ അമ്മ കേസ്സിൽ പ്രതി യാകാത്ത ചിലരുണ്ടെന്ന് മൊഴി കൊടുത്തപ്പോൾ അത് വച്ചുകൊണ്ട് നിയമോ പദേശം തേടിയാണ് അന്വേഷണം തുടങ്ങിയത്. സുപ്രീംകോടതിയിൽ പ്രതി കളായിട്ടുള്ള, അവിടെ വിസ്തരിച്ച് തീരുമാനമെടുത്തിട്ടുള്ള ഒരാളുടെ കാര്യവും റീ-ഓപ്പൺ ചെയ്യാൻ ആർക്കും അവകാശമില്ലെന്ന് സുപ്രീം

കോടതി തീരുമാനമെടുത്തു. പക്ഷേ ജയകൃഷ്ണൻ മാസ്റ്ററുടെ അമ്മ ഇവർ മാത്രമല്ല, മറ്റ് ചില പ്രതികളുണ്ടെന്ന് പറഞ്ഞപ്പോൾ കോടതിയുടെ മുമ്പിൽ പുതിയതായി വന്നിട്ടുള്ളവരുടെ കേസ്സുകൾ പരിശോധിക്കുന്നതിനുവേണ്ടി യുള്ള അന്വേഷണമാണ് നടന്നത്. ഇതുപോലെതന്നെയാണ് എം.എം. മണിയുടെ കേസ്സും. കോടതിയിൽ വിസ്തരിച്ച പ്രതികളിൽ ഒരാളുടെ കാര്യവും അതിനകത്ത് വരുന്നില്ല, വരുത്താൻ പറ്റില്ല. ശ്രീ. എം.എം. മണി തന്നെ ചില കാര്യങ്ങൾ പറഞ്ഞത്, ഞങ്ങളാണ് കൊന്നത്, ഞങ്ങൾ ഇങ്ങനെ കൊന്നു, അങ്ങനെ കൊന്നു എന്നൊക്കെ പറഞ്ഞപ്പോൾ അതിനെക്കുറിച്ച് നട ത്തിയ അന്വേഷണത്തിന്റെ പരിധിയിൽ കോടതി ഇതുവരെ പരിശോധിച്ചി ട്ടുള്ള ഒരാളുടെ പേരുപോലും വരുന്നില്ല. കാരണം, കോടതി ,പരിശോധിച്ച് അതിൽ തീരുമാനമെടുത്തതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരിക്കൽ കോടതി വിചാരണ ചെയ്ത് വിട്ടയച്ചവരുടെ കാര്യം പിന്നീട് പരിശോധിക്കാൻ പാടില്ല എന്നത് ശരി. ഈ കേസ്സിൽ ശ്രീ. പി.ജെ. കുര്യനെ ഒരു ഘട്ടത്തിലും ഒരു കോടതിയും വിചാരണ ചെയ്തിട്ടില്ല. അപ്പോൾ ഇതൊരു പുതിയ പേരാണ്. ശ്രീ. എം.എം. മണിയുടെ കേസ്സ് പോലെയും ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ് പോലെയുമുള്ള, അന്ന് ഉൾപ്പെടുത്താത്ത പുതിയൊരു പ്രതിയുടെ കാര്യമാണ്. ‘ഇര’ അന്ന് പറഞ്ഞ കാര്യം ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയും അത് വിചാരണ ചെയ്യപ്പെ ട്ടിട്ടില്ല എന്ന വിഷയവുമാണ് വന്നത്. അതുകൊണ്ട് ഇത് വിചാരണ ചെയ്യപ്പെ ട്ടിട്ടില്ല എന്നത് അതിന്റെ കാറ്റഗറിയിൽ എങ്ങനെയാണ് ഉൾപ്പെടുത്താൻ സാധിക്കുക?

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, അന്നത്തെ അന്വേഷണ സമിതിയിൽ മി. ജോഷ്വ തന്നെ മാറിപ്പറഞ്ഞു. അന്വേഷണം വേണമെന്നുള്ളതിന് ഉപോത്ബലകമായ നിർദ്ദേശങ്ങളാണ് ഗവൺമെന്റിന് മുമ്പിൽ വന്നിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നേരത്തെ കൈക്കൊണ്ടിട്ടുള്ള നിലപാട് മാറണമെന്നുള്ള നിലയിൽ കോടതിയോട് തന്നെ നിങ്ങൾക്ക് റിക്വസ്റ്റ് ചെയ്യാനുള്ള അവസരം നന്നായി തെളിഞ്ഞുവന്നിരിക്കുകയാണ്. ഈ അവസരത്തിൽ 17 കൊല്ലമായി പറഞ്ഞുകൊണ്ടിരുന്ന, തന്നെ പീഡിപ്പിച്ചുവെന്ന് പറഞ്ഞിട്ടുള്ള കാര്യം 'ഇരയായ ആ കുട്ടി' വീണ്ടും പറയുകയാണ്. അത് സംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ ആത്മഹത്യ ചെയ്യുകയാണ് ഇതിനേക്കാൾ ഭേദമെന്ന് ആ കുട്ടിയുടെ അച്ഛന് തോന്നി എന്നൊക്കെയുള്ള കാര്യം അങ്ങേയ്ക്ക് ചിന്തിക്കാവുന്നതാണല്ലോ? അതനുസരിച്ച് ഈ പ്രശ്നത്തിൽ സത്യസന്ധമായ ഒരു നിലപാട് എടുത്തുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ജോഷ്വയുടെ പേര് പറഞ്ഞതുകൊണ്ട് എനിക്ക് ഒരു കാര്യം ഇവിടെ പറയാനുള്ള ഒരു അവസരം കിട്ടി. ശ്രീ. ജോഷ്വ ആ ടീമിലെ രണ്ടാമത്തെ ആളായിരുന്നു. അദ്ദേഹം കൂടിയാണ് അന്വേഷണം പൂർത്തിയാക്കി ശ്രീ. പി.ജെ. കുര്യൻ ഇതിനകത്ത് പ്രതിയല്ലെന്നുള്ള റിപ്പോർട്ട് കോടതിയിൽ കൊടുത്തത്. അതിന്റെ പേരിൽ നായനാർ ഗവൺമെന്റ് ജോഷ്വക്ക് ഇൻക്രിമെന്റും കൊടുത്തു. ജോഷ്വക്ക് ഇങ്ങനെയൊരു അഭിപ്രായം അന്നുണ്ടായിരുന്നുവെങ്കിൽ, ശ്രീ. സിബി മാത്യുവിന്റെ മുകളിൽ രണ്ട് ഉദ്യോഗസ്ഥന്മാർ, എ.ഡി.ജി.പി.യും ഡി.ജി.പി.-യും കൂടി ഉണ്ടായിരുന്നു. അന്ന് അദ്ദേഹം ആ അഭിപ്രായം അവരോട്

പറഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ അങ്ങനെയൊരു അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ഞാൻ ഇതിനോട് സഹകരിക്കുന്നില്ലെന്ന് പറയാമായിരുന്നു, സഹകരിച്ചിട്ടില്ലെന്നുമാത്രമല്ല, അദ്ദേഹം ഇതിനോടെല്ലാം സഹകരിച്ച് കോടതിയിൽ തെളിവ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻക്രിമെന്റും വാങ്ങി അതും അനുഭവിച്ചുകൊണ്ട് റിട്ടയർ ചെയ്ത ആളാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, .......(മൈക്ക് ഓഫ്).........

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ......അങ്ങനെ മാറിയാലും ടെലഫോൺ നമ്പരും അതിലെ സമയവും മാറുന്നില്ല. അതിൽ എന്ത് ചെയ്യാൻ സാധിക്കും? ആ ടെലഫോണിൽ നിന്ന് 23 കോൾ ആണ് വിളിച്ചിരിക്കുന്നത്. അത് ആർക്ക് വേണമെങ്കിലും എപ്പോൾ വേണമെങ്കിലും പരിശോധിക്കാം. അത് പൊതുസ്വത്താണ്. കോടതിയിൽ ഇരിക്കുന്ന രേഖകളാണ്. ശ്രീ. പി.ജെ. കുര്യനെ ഈ കേസ്സിൽ വിസ്തരിച്ചിട്ടില്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അദ്ദേഹം കൊടുത്ത കാര്യങ്ങളെല്ലാം പരിശോധിച്ചതിനുശേഷം നിങ്ങൾ ഹൈക്കോടതി വിധി എടുത്ത് വായിക്കുക. കുര്യനെക്കുറിച്ചുള്ള കാര്യങ്ങളിൽ പരിശോധിക്കാതെയാണ് തീരുമാനമെടുത്തത് എന്നുണ്ടെങ്കിൽ വായിച്ചിട്ട് പറയുക.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഇപ്പോഴത്തെ ഓർഡിനൻസിൽ 'ഇര' എന്താണോ പറയുന്നത്, അതിന് മുൻഗണന നൽകണമെന്നാണ് ബഹുമാനപ്പെട്ട പ്രസിഡന്റ് പ്രണബ് കുമാർ മുഖർജി ഒപ്പിട്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന ഓർഡിനൻസ്. അതിൽ 'ഇര'യ്ക്ക് ഒരു മുൻഗണന നൽകിയിരിക്കുന്നുവെ

ന്നുള്ള കാര്യം അങ്ങ് ചിന്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ നിലപാട് സ്വീകരിക്കുന്നത് ശരിയാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആ ഓർഡിനൻസിൽ അങ്ങ് പറഞ്ഞതു പോലെയുണ്ട്. അത് ഈ പുതിയ ഓർഡിനൻസിൽ കൂടിയല്ല വരുന്നത്. അതിന് മുമ്പും, നിലവിലിരിക്കുന്ന നിയമത്തിൽ പീഡനത്തിന് വിധേയയാകുന്ന സ്ത്രീയുടെ മൊഴി സ്വീകരിച്ച് നടപടികളെടുക്കണമെന്ന് തന്നെയാണുള്ളത്. ......(ബഹളം)...... മുമ്പും അത് തന്നെയാണ്. പക്ഷേ 1996-ൽ ഈ കാര്യം പറയുകയും 3 അന്വേഷണങ്ങൾ നടത്തിയിട്ട് മൂന്നിലും ശ്രീ. പി. ജെ. കുര്യൻ കുറ്റക്കാരനല്ലെന്ന് കാണുകയും ഹൈക്കോടതിയും സുപ്രീം കോടതിയും അദ്ദേഹത്തെ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്ത പശ്ചാത്തലത്തിലാണ് ബുദ്ധിമുട്ടുള്ളത്. എന്നാലും ഈ കാര്യത്തിൽ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളതെന്ന് ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞു. നിയമപരമായ അഭിപ്രായം ചോദിക്കും; നിയമപരമായ ഉപദേശം തേടും. പക്ഷേ ഇന്ന് ഗവൺമെന്റിന് ലഭിച്ചിട്ടുള്ള അഭിപ്രായം സുപ്രീംകോടതി ഒരിക്കൽ ഡിസ്ചാർജ്ജ് ചെയ്ത ഒരാളുടെ പേരിൽ ഇങ്ങനെയൊരു നടപടി എടുക്കുന്നതിനുള്ള പരിമിതികൾ ഗവൺമെന്റിനുണ്ട് എന്നുതന്നെയാണ് മനസ്സിലാക്കുന്നത്. പി.ജെ. കുര്യനെ ഡിസ്ചാർജ്ജ് ചെയ്തുകൊണ്ട് ഒരു തീരുമാനം വരുന്നത് അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ്. അന്ന് ഇതിൽ പ്രതിഷേധിച്ച് ഒരു സ്റ്റേറ്റ്മെന്റ് ഇറക്കാൻപോലും തന്റേടം കാണിക്കാത്ത അങ്ങ് ഇന്ന് ഇങ്ങനെ പറഞ്ഞാൽ എന്താണ് സ്ഥിതി?

ശ്രീ. വി.എസ്. അച്യുതാനന്ദൻ: സർ, സുപ്രീംകോടതിയിൽ പോകുകയെന്നുള്ളത് അന്ന് ഞങ്ങൾ ചെയ്തു. കെ.പി.സി.സി.-യുടെ എക്സിക്യൂട്ടീവ് മെമ്പറാണ് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ.

മി. സ്പീക്കർ: ഇതെല്ലാം ഇവിടെ പറഞ്ഞതാണ്. പ്ലീസ്....പ്ലീസ്.....ഈ സബ്മിഷൻ ഇവിടെ വൈൻഡ് അപ്പ് ചെയ്യണം.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, അതെല്ലാം നിങ്ങൾക്ക് .........

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അഡ്വക്കറ്റ് ജനറലിനെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെയും എല്ലാ കാലത്തും തീരുമാനിക്കുന്നത് ഗവൺമെന്റിന്റെ ചോയ്സിലാണ്. അങ്ങയുടെ കാലത്തും ഇ.കെ. നായനാരുടെ കാലത്തും ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കാലത്തും അങ്ങനെയാണ്. ഞങ്ങളുടെ കാലത്തും അങ്ങനെയാണ്. ഗവൺമെന്റ് മാറുമ്പോൾ അത് ഗവൺമെന്റിന്റെ ഒരു ചോയ്സിലാണ് വരുന്നത്. അത് സത്യമല്ലേ? ഗവൺമെന്റ് മാറുമ്പോൾ അഡ്വക്കറ്റ് ജനറൽ രാജിവയ്ക്കാറില്ലേ? അതൊക്കെ സാധാരണ ജനാധിപത്യത്തിലുള്ള കീഴ്വഴക്കമാണ്. അതിനെ ഈ കേസുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞങ്ങൾ നിയമിച്ച ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ അഭിപ്രായത്തെക്കുറിച്ച് ഒരു വിയോജനക്കുറിപ്പുപോലെ അങ്ങ് ഇവിടെ സൂചിപ്പിച്ചു. നിങ്ങൾ നിയമിച്ച ശ്രീ. എം. കെ. ദാമോദരന്റെ അഭിപ്രായം എന്താണ്? നിങ്ങൾ നിയമിച്ച ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ മി. തമ്പിയുടെ അഭിപ്രായം എന്താണ്? അദ്ദേഹം ഇത് പറഞ്ഞിട്ടുണ്ട്. ഒരു ഗവൺമെന്റിനായാലും ഗവൺമെന്റ് നിയോഗിച്ച ഭരണഘടനാ സ്ഥാനത്തിരിക്കുന്ന ആളിനാണെങ്കിലും നിയമപ്രകാരമേ കാര്യങ്ങൾ ചെയ്യാൻ സാധിക്കൂ. എനിക്ക് ഒരു കാര്യമേ നിങ്ങളോട് പറയാനുള്ളൂ. നമ്മളെല്ലാവരും സ്ത്രീകൾക്കെതിരായിട്ടുള്ള നടപടികൾക്കെതിരെ ശക്തമായ നിലപാട് എടു

ക്കണമെന്ന് വാദിക്കുന്നവരാണ്. അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. അതിനായി യോജിച്ചുനിന്ന് പ്രവർത്തിക്കാം. പക്ഷേ തെറ്റ് ചെയ്യാത്ത ഒരാളെ ഇതിലേയ്ക്ക് കൊണ്ടുവരാൻവേണ്ടി ശ്രമം നടത്തുന്നത് എത്രമാത്രം നീചമാണെന്നുകൂടി ചിന്തിക്കണം.

മി. സ്പീക്കർ : യെസ്, യെസ്. ..............ഇത് വൈൻഡ് അപ്പ് ചെയ്യണ്ടേ? പ്ലീസ്, പ്ലീസ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി,..............

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് പറയാനുള്ളതെല്ലാം പറഞ്ഞു കഴിഞ്ഞല്ലോ. പ്ലീസ്. ..........., നോ. ഇതൊരു സബ്മിഷനാണ്. ഇനിയെന്ത് വേണം?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഗവൺമെന്റ് ഇതിനെപ്പറ്റി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്നാണോ പറഞ്ഞിട്ടുള്ളത്; സുപ്രീംകോടതിയിൽ പോകാമെന്നാണോ? സുപ്രീംകോടതിയിൽ പോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെ അങ്ങ് അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ ചെയ്യുന്നത് എന്നുകൂടി മനസ്സിലാക്കിയാൽ ഇത് സംബന്ധിച്ച് പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി : ഗവൺമെന്റിന് കിട്ടുന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും കാര്യങ്ങൾ തീരുമാനിക്കുക. ഗവൺമെന്റിന് നിയമാനുസൃതം മാത്രമേ പ്രവർത്തിക്കാൻ സാധിക്കൂ. അങ്ങനെയേ പ്രവർത്തിക്കുകയുള്ളുവെന്ന് വ്യക്തമാക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സത്യസന്ധമായ വിവരങ്ങൾ കോടതിയെ ധരിപ്പിക്കുന്നതിന് ഇഷ്ടമില്ലായെന്നുള്ളത് പരസ്യമായി പറഞ്ഞിരി

ക്കുന്ന സാഹചര്യത്തിൽ ഇതിനോടുള്ള ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുകയാണ്. ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് ഇറങ്ങിപ്പോകുകയും  അല്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ**

ശ്രീ. ഹൈബി ഈഡൻ : സർ, എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കെ.എസ്.ആർ.ടി.സി.-യുടെ എറണാകുളം സ്റ്റാൻഡിൽ നിന്നും 170-ാളം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. അവിടെയുള്ള കെട്ടിടം ബി.ഒ.ടി. സ്കീമിൽപ്പെടുത്തി പുതിയ കെട്ടിടമാക്കാമെന്ന് ആദ്യ സ്കീമുകളിൽ ഉണ്ടായിരുന്നതാണ്. പക്ഷേ സംസ്ഥാനത്ത് കാസർകോട്, അങ്കമാലി അടക്കമുള്ള സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ നടന്നെങ്കിലും എറണാകുളത്ത് ഇപ്പോഴും പഴയ അവസ്ഥ തന്നെയാണുള്ളത്. മഴ പെയ്തുകഴിഞ്ഞാൽ ആളുകൾക്ക് അവിടെ നിൽക്കാൻ പറ്റില്ല. ഒരുപാട് സാധാരണക്കാർ ആശ്രയിക്കുന്ന ഈ ബസ് സ്റ്റാൻഡിൽ വെള്ളക്കെട്ട് അടക്കമുള്ള പ്രശ്നങ്ങളുണ്ട്. ഡി.ടി.ഒ.-യുടെ ഓഫീസ് പോലും വെള്ളത്തിലാകുന്ന സ്ഥിതിയാണുള്ളത്. വളരെ പഴക്കം ചെന്ന ഒരു കെട്ടിടമാണത്. കൊച്ചി മെട്രോ റെയിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം വിട്ടുകൊടുത്തു. അതുപോലെ തേവര ബസ് യാർഡിലേയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഗതാഗത നിയന്ത്രണത്തിന്റെ ഭാഗമായി ഒരു വിഭാഗം സർവ്വീസുകൾ  മാറ്റുകയും ചെയ്തു. പക്ഷേ അവിടെയും തേവര യാർഡിലും ഇതിന്റെ പ്രവർത്തനങ്ങൾ ശരിയായി നടത്താൻ സാധിച്ചിട്ടില്ല.

സിറ്റി സർവ്വീസുകളും പശ്ചിമ കൊച്ചിയിലേയ്ക്കുള്ള സർവ്വീസുകളും ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത് തേവര സ്റ്റാൻഡിൽ നിന്നുമാണ്. ഇന്റർസ്റ്റേറ്റ് സർവ്വീസുകളടക്കം നിരവധി സർവ്വീസുകൾക്ക് സാധാരണക്കാർ ആശ്രയിക്കുന്ന ഈ ബസ് സ്റ്റാൻഡ് ഏതെങ്കിലും സ്കീമിൽപ്പെടുത്തി പുനരുദ്ധരിക്കണമെന്നും പുതിയ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. കേരളത്തിന്റെ ഫിനാൻഷ്യൽ ക്യാപ്പിറ്റലായ എറണാകുളത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് വളരെ ശോചനീയമായ സ്ഥിതിയിലാണ്. ഇപ്പോൾ എറണാകുളം ഡിപ്പോയിൽ നിന്നും 179 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇത്രയധികം ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്ന വേറെ സ്റ്റേഷനില്ല. തേവരയിൽ സ്ഥലത്ത് ചില സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അവിടെ അടിയന്തരമായി വർക്ക് തീർത്ത് തിരു-കൊച്ചി സർവ്വീസുകൾ അങ്ങോട്ട് മാറ്റുന്ന കാര്യത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. അത് അടുത്തുതന്നെ പ്രായോഗികമാകും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ എറണാകുളത്ത് നിലവിലുള്ള സ്ഥലത്ത് പുതിയ ഒരു കെട്ടിടവും ഷോപ്പിംഗ് കോംപ്ലക്സും മറ്റും ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

**വൈഗാ ത്രഡ്സ് കമ്പനിയിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

ശ്രീ. ബി. ഡി. ദേവസ്സി : സർ, സർക്കാർ പാട്ടത്തിന് നൽകിയ ഭൂമിയിൽ പ്രവർത്തിക്കുന്ന ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ വൈഗാ ത്രഡ്സ് കമ്പനിയിൽ ഇപ്പോഴുള്ള 195 തൊഴിലാളികൾ 25 വർഷം മുമ്പുള്ള കരാർപ്രകാരം നിശ്ചയിച്ച വേതനത്തിൽ പണിയെടുക്കുന്നവരാണ്. സേവന വേതന വ്യവസ്ഥകൾ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനോ പുതിയ കരാറുണ്ടാക്കുന്നതിനോ തയ്യാറാകുന്നില്ലായെന്ന് മാത്രമല്ല കമ്പനി അടച്ചുപൂട്ടുന്നതിനും മാനേജ്മെന്റ് ശ്രമിച്ചുവരികയാണ്. സർക്കാരിന്റെ നിർദ്ദേശപ്രകാരം നാല് പ്രാവശ്യം ജോയിന്റ് ലേബർ കമ്മീഷണറും ഒരു പ്രാവശ്യം ലേബർ കമ്മീഷണറും ചർച്ച നടത്തിയെങ്കിലും മാനേജ്മെന്റ് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുകയാണുണ്ടായത്. ഇതിനെതിരെ തൊഴിലാളികൾ പ്രതിഷേധിക്കുകയും തുടർന്ന് മാനേജ്മെന്റ്, കമ്പനി തുടർന്ന് പ്രവർത്തിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 2013 ഫെബ്രുവരി 2-ാം തീയതി മുതൽ തൊഴിലാളികൾ അനിശ്ചിതകാല നിരാഹാര സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഗുരുതരമായ സാഹചര്യത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ മാന്യമായി പരിഹരിക്കുന്നതിനും ന്യായമായ അവകാശങ്ങൾ അനുവദിച്ചുകിട്ടുന്നതിനും സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈഗാ ത്രഡ്സ് കമ്പനിയിലെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം സർക്കാരിന്റെ പരി

ഗണനയിലുള്ളതാണ്. ജോയിന്റ് ലേബർ കമ്മീഷണർ ലെവലിലും ലേബർ കമ്മീഷണർ ലെവലിലും മാത്രമല്ല തൊഴിൽ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും രണ്ടുതവണ ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഒരു സ്ഥാപനം 25 വർഷമായി സേവന-വേതന വ്യവസ്ഥകൾ പുതുക്കാതെ പ്രവർത്തിക്കുന്നുവെന്ന് പറയുന്നത് കേരളത്തിന് ലജ്ജാകരമാണ്. എങ്ങനെ അത് സംഭവിച്ചുവെന്നുള്ളത് സഭ ഗൗരവത്തിൽ കാണേണ്ട വിഷയമാണ്. ഇപ്പോഴത്തെ പ്രൊഡക്ടിവിറ്റി ലെവൽ വച്ച് മുന്നോട്ടുപോകാൻ സാധിക്കില്ല എന്നുള്ള സാഹചര്യമാണ് നിൽക്കുന്നത്. ഞാൻ നടത്തിയ രണ്ട് ചർച്ചകളിൽ, രണ്ടാമത്തെ ചർച്ചയിൽ ഏറ്റവുമൊടുവിൽ ക്ലോഷർ പാക്കേജ് എന്ന നിർദ്ദേശം വന്നു. മാന്യമായി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുത്ത് ഇത് ക്ലോസ് ചെയ്യാം എന്നൊരു കൺസെൻസസാണ് ട്രേഡ് യൂണിയൻ നേതാക്കന്മാരും മാനേജുമെന്റും ഗവൺമെന്റുമായി എത്തിയത്. ക്ലോഷർ പാക്കേജിന്റെ ചർച്ചയാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ അവിടെയും വളരെ കർക്കശമായ നിലപാട് മാനേജ്മെന്റ് കൈക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് കാര്യമായ ആനുകൂല്യം കൊടുക്കാൻ സാധിക്കില്ല; കീഴ്വഴക്കമനുസരിച്ച് ഒന്നും കൊടുക്കാൻ സാധിക്കില്ല; നിയമപരമായുള്ള ആനുകൂല്യങ്ങൾ മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളു എന്നുള്ള നിലപാട് കൈക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ സമ്മർദ്ദം ചെലുത്തി തൊഴിലാളികൾക്ക് മാന്യമായ ആനുകൂല്യം കിട്ടാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാനാണ് പരിശ്രമിക്കുന്നത്. നമുക്കെല്ലാവർക്കും കൂടി സഹകരിച്ച് ആ കാര്യത്തിൽ മുന്നോട്ടുപോകാം.

## വീട് കയറി ആക്രമിച്ച സംഭവം

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇക്കഴിഞ്ഞ ഡിസംബർ 14-ന് രാത്രി 9.30 മണിക്ക് അജ്ഞാതരായിട്ടുള്ള ചിലർ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ഒന്നാം വാർഡിൽ മൂർക്കനാട് ഭാഗത്ത് വടക്കേവാര്യത്ത് ഉത്തമന്റെ ഭാര്യ സ്കൂൾ അദ്ധ്യാപികയായ ഗീത ടീച്ചറെയും മകൻ സൂരജിനെയും ഗുരുതരമായി പരിക്കേല്പ്പിക്കുകയും പരിക്കേറ്റ ഗീത ടീച്ചറും സൂരജും ഗുരുതരാവസ്ഥയിൽ തൃശ്ശൂർ എലൈറ്റ് ഹോസ്പ്പിറ്റലിലും തുടർന്ന് മകൻ സൂരജിനെ വിദഗ്ദ്ധ ചികിത്സയ്ക്കായി വെല്ലൂർ ആശുപത്രിയിലും പ്രവേശിപ്പിച്ചിരിക്കുകയാണ്. ഈ സംഭവത്തിൽ പ്രതിഷേധിച്ച് ആ പ്രദേശത്തുള്ള ആളുകൾ വിപുലമായ ഒരു ആക്ഷൻ കമ്മിറ്റിക്ക് രൂപം കൊടുക്കുകയും ആക്ഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധയോഗം ചേരുകയും പിന്നീട് ഈ വിഷയത്തിൽ ജനങ്ങൾ പ്രതിഷേധം അറിയിക്കുന്നതിനുവേണ്ടി അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ഉപവാസസമരം നടത്തുകയും പ്രതിഷേധമാർച്ച് നടത്തുകയും ചെയ്തിരിക്കുകയാണ്. ഈ കാര്യത്തിൽ ആ കുടുംബക്കാരും ആ പ്രദേശത്തുള്ള ആളുകളും കടുത്ത ആശങ്കയിലും ദു:ഖത്തിലുമാണ്. പോലീസ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടെ ന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എങ്കിലും പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാത്തതിൽ ജനങ്ങൾക്ക് പ്രതിഷേധമുണ്ട്. അതുകൊണ്ട് പ്രതികളെ എത്രയും വേഗം കണ്ടെത്തി ഈ കാര്യത്തിലുള്ള ദു:ഖത്തിനും അമർഷത്തിനും പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വീട് കയറി ആക്രമിച്ച സംഭവം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കേസ്സിന്റെ പശ്ചാത്തലത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇതിനെ സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സയന്റിഫിക് അസിസ്റ്റന്റ്, ഫിംഗർ പ്രിന്റ് എക്സ്പേർട്ട്, ഡിപ്പാർട്ട്മെന്റ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളെക്കൊണ്ട് ഇതിന്റെ തെളിവ് ശേഖരിച്ചിട്ടുണ്ട്. ബന്ധുക്കൾ, അയൽവാസികൾ പരിക്കേറ്റ സൂരജിന്റെ സുഹൃത്തുക്കൾ തുടങ്ങിയ മുപ്പത്തഞ്ചോളം പേരെ ഇതിനെ സംബന്ധിച്ച് ചോദ്യം ചെയ്തിട്ടുണ്ട്. ഉത്തമന്റെ വീടിന്റെ പുറകിൽ നിന്ന് രക്തം പുരണ്ട ഒരു പ്ലാസ്റ്റിക്ക് സഞ്ചി ലഭിച്ചിരുന്നു. കൂടാതെ വീടിന്റെ പുറത്തെ മതിലിലും അടുത്തുള്ള മരത്തിലും രക്തക്കറ കാണപ്പെട്ടു. ഇതിൽനിന്നും അക്രമം നടത്തിയ ആളിന്റെ ശരീരത്തിൽ മുറിവു പറ്റിയിട്ടുണ്ട് എന്നുള്ള അനുമാനമുണ്ട്. ഈ വീട്ടിൽനിന്നും ഉദ്ദേശം 500 മീറ്റർ അകലെയുള്ള ഒരു വർക്ക്ഷോപ്പിൽ വെൽഡിംഗ് പണി നടത്തിവരുന്ന ആസാം സ്വദേശിക്ക് കൈയ്ക്ക് പരിക്കേറ്റതായി പിന്നീട് വിവരം ലഭിച്ചു. അയാൾ ഇപ്പോൾ ഒളിവിലാണ്. അയാൾ താമസിക്കുന്ന വാടകമുറിയിൽ നിന്ന് രക്തം പുരണ്ട ഒരു കാവിമുണ്ട് കണ്ടെത്തിയിട്ടുണ്ട്. ഈ കാവിമുണ്ടും അക്രമം നടത്തിയ വീട്ടിൽ നിന്നും ലഭിച്ച രക്തം പുരണ്ട സഞ്ചിയും രാസപരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഉദ്ദേശം രണ്ട് വർഷംമുമ്പ് ഉത്തമന്റെ വീട്ടിൽ അലൂമിനിയം റൂഫിംഗ് നടത്തിയപ്പോൾ അതിന്റെ വെൽഡിംഗ് പണിക്കായി മേൽപ്പറഞ്ഞ ആസാം സ്വദേശി വന്നിട്ടുണ്ടായിരുന്നു. അതിനാൽ വീടിനെക്കുറിച്ചും വീട്ടുക്കാരെക്കുറിച്ചും ഇയാൾക്ക് നല്ല അറിവുണ്ട് എന്നുള്ളതാണ് ധാരണ. ഇക്കാരണത്താൽ ഈ

കുറ്റകൃത്യത്തിലെ പ്രതി ഇയാൾ ആണെന്ന് സംശയിക്കുന്നു. ഈ സംഭവത്തിനുശേഷം അയാൾ രണ്ട് ദിവസം അവധിയിൽ കോഴിക്കോട്ടേയ്ക്ക് പോകുകയാണെന്നന്ന് പറഞ്ഞ് പെരുമ്പാവൂരിലെ ഒരു സുഹൃത്തിന്റെ വീട്ടിൽ ഒരു ദിവസം തങ്ങിയശേഷം ആ സുഹൃത്തുമായി ആസാമിലേയ്ക്ക് പോയതായി വിവരം ലഭിച്ചിട്ടുണ്ട്. അയാൾ മൊബൈൽ ഫോണിൽ നേരത്തെ ഉപയോഗിച്ചിരുന്ന സിം കാർഡ് ഇപ്പോൾ ഉപയോഗിക്കുന്നില്ല. അയാളുടെ മെബൈൽ ഫോണിലെ ഐ.എം.ഇ.ഐ. നമ്പർ വച്ച് അയാളെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. അക്രമിയുടെ വീട്ടിൽനിന്നും മറ്റൊന്നും മോഷണം പോയിട്ടില്ല. അതുകൊണ്ട് അന്വേഷണം ഊർജ്ജസ്വലമായി മുന്നോട്ടുപോകും.

**<u>പൊതുമാപ്പ് ലഭിച്ചുവരുന്ന പ്രവാസികൾക്ക് ആനുകൂല്യം</u>**

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, യു.എ.ഇ. അടക്കമുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്ന് പൊതുമാപ്പിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി പാസ്പോർട്ടോ വിസയോ മറ്റ് മതിയായ രേഖകളോ ഇല്ലാതെ തിരിച്ചുവരുന്ന നിരാലംബരായ കേരളീയ പ്രവാസികളുടെ വിമാനയാത്രാ ചെലവും എംബസിയിൽ നൽകേണ്ടിവരുന്ന ഫീസും കേരള സർക്കാർ മുൻകൈ എടുത്ത് വഹിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നതാണ്. എന്നാൽ കേരളീയർക്ക് മാത്രമായി ആനുകൂല്യം നൽകാൻ കഴിയില്ലെന്ന് ഇന്ത്യൻ എംബസി അധികൃതർ ശഠിച്ചതിനാൽ ആ ആനുകൂല്യം അവർക്ക് ലഭ്യമായിട്ടില്ല. ഇതുമൂലം പാവപ്പെട്ട പ്രവാസികൾ സാമ്പത്തികബാധ്യത താങ്ങാനാവാതെ കടക്കെണിയിലാണ്. അവർക്ക് നാട്ടിൽ തിരിച്ചെത്തിയാലും സർക്കാർ വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തര നടപടി ഉണ്ടാകണം.

## പൊതുമാപ്പ് ലഭിച്ചുവരുന്ന പ്രവാസികൾക്ക് ആനുകൂല്യം

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട ശ്രീ. അബ്ദുറ ഹിമാൻ രണ്ടത്താണി ചൂണ്ടിക്കാണിച്ചതുപോലെ 17-10-2012-ലാണ് യു.എ.ഇ. ആംനസ്റ്റി പ്രഖ്യാപിച്ചത്. പ്രഖ്യാപിച്ച ഉടൻതന്നെ സംസ്ഥാന ഗവൺമെന്റ് നോർക്ക റൂട്ട്സ് സി.ഇ.ഒ-യെ അവിടെ അയയ്ക്കുകയുണ്ടായി. പ്രാഥമിക ചർച്ചകൾ നടത്തി അവിടെ പാസ്പോർട്ട് നഷ്ടപ്പെട്ട ആളുകൾക്ക് എമർജൻസി സർട്ടിഫിക്കറ്റിനുവേണ്ടി 60 ദിർഹവും പൊതുമാപ്പുകളുടെ ഫീസായ 9 ദിർഹവും എമ്പസിക്കാർ ചുമത്തുകയുണ്ടായി. സംസ്ഥാന ഗവൺമെന്റ് ആ തുക കൊടുക്കുവാൻ തീരുമാനിക്കുകയും അതിനുവേണ്ടി 25 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ഈ വിവരം എമ്പസിയെ അറി യിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഇന്ത്യൻ എമ്പസിക്ക് കേര ളീയർക്ക് മാത്രമായി സഹായിക്കാൻ നിവൃത്തിയില്ല, ഇന്ത്യൻ എമ്പസിക്ക് കേരളീയരെന്നോ മഹാരാഷ്ട്രക്കാരെന്നോ വേർതിരിവ് പാടില്ല, അതുകൊണ്ട് എമ്പസി ആ പണം സ്വീകരിക്കുവാൻ വൈമനസ്യം കാണിച്ചു. എങ്കിലും സംസ്ഥാന ഗവണമെന്റ് ആവശ്യപ്പെട്ടതുപോലെതന്നെ മടങ്ങിവരാൻ തയ്യാ റുള്ള ആളുകളുടെ പട്ടിക ശേഖരിച്ച് അവർക്കാവശ്യമായ വിമാന ടിക്കറ്റുകൾ സൗജന്യമായി കൊടുക്കാൻ തീരമാനിച്ചിട്ടുണ്ട്. മടങ്ങിവന്നുകഴിഞ്ഞാൽ ഈ പണം അവർക്ക് റീഇംപേഴ്സ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു വീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടാവുകയില്ല. ആരെല്ലാം മടങ്ങിവരാൻ തയ്യാറാകുന്നുണ്ടോ

പൊതുമാപ്പിന്റെ ആനുകൂല്യം അനുഭവിച്ചുകൊണ്ട് അവർക്കെല്ലാം ആവശ്യ മെങ്കിൽ സൗജന്യ വിമാന ടിക്കറ്റ് കൊടുക്കാൻ ഗവൺമെന്റ് തീരുമാനി ച്ചിട്ടുണ്ട്. ഇക്കാര്യം എയർ ഇന്ത്യയോട് സംസാരിച്ചിട്ടുണ്ട്. പ്രമുഖരായ മല യാളി ബിസിനസുകാരും സഹായിക്കാൻ തയ്യാറായിട്ടുണ്ട്. ഈ സാഹചര്യ ത്തിൽ ഇക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. ഈ കാര്യം സംബന്ധിച്ച് പി.ബി. ഡി. (പ്രവാസി ഭാരതീയ ദിവസ്) നടന്ന അവസരത്തിൽ അംബാസഡറുമായി മുഖ്യമന്ത്രിയും വ്യസായ വകുപ്പുമന്ത്രിയും സംസാരിക്കുകയുണ്ടായി. ഇൻഡ്യൻ എംബസിയുടെ ഭാഗത്ത് വീഴ്ച ഉണ്ടാവുകയാണെങ്കിൽ ഈ പണം അവർ മടങ്ങിവരുമ്പോൾ റീ-ഇംപേഴ്സ് ചെയ്യുന്നതായിരിക്കും.

**കുടിവെള്ളക്ഷാമം**

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> : സർ, എന്റെ നിയോജക മണ്ഡലമായ ചെങ്ങന്നൂരിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. നഗരസഭയിലും പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം രൂക്ഷമായതു കാരണം ജനങ്ങൾ ആകെ പ്രക്ഷോഭത്തിലാണ്. ഡ്രോട്ട് പ്രകാരമുള്ള സ്കീമിൽ വാഹനങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ഇതു വരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. മുനിസിപ്പാലിറ്റിയിലെ വാട്ടർ സപ്ളൈ സ്കീമാണെങ്കിൽ 1981-ൽ കമ്മീഷൻ ചെയ്തതാണ്. 30 വർഷത്തേയ്ക്കുള്ള ഡിസൈനിൽ ചെയ്ത സ്കീമാണത്. 2011-ൽ അതിന്റെ കാലാവധി കഴിഞ്ഞ താണ്. പൈപ്പുകൾ പൊട്ടിയൊലിച്ച് ജലനഷ്ടവും ഉണ്ടാകുകയാണ്. മുനിസിപ്പാലിറ്റിയിൽ രണ്ട് പഞ്ചായത്തിൽ ഭാഗികമായി മാത്രമേ വാട്ടർ കണ ക്ഷനുള്ളൂ. ബാക്കി പഞ്ചായത്തുകളിലൊന്നുംതന്നെ കുടിവെള്ള പദ്ധതിക ളില്ല. മുളക്കുഴ, വെൺമണി, ആല എന്നീ പഞ്ചായത്തുകളിൽ അതിരൂക്ഷ

മായ കുടിവെള്ളക്ഷാമമുണ്ട്. ഇവിടെ വാട്ടർ സപ്ളൈ സ്കീമില്ല. അതു കൊണ്ട് ഈ മൂന്ന് പഞ്ചായത്തുകളിലും പുതിയ വാട്ടർ സപ്ളൈ സ്കീം ആരംഭിച്ചില്ലെങ്കിൽ അടുത്ത വർഷത്തെ കുടിവെള്ളക്ഷാമപോലും പരിഹരിക്കാൻ കഴിയില്ല. അതിനുള്ള നടപടി എന്ന നിലയിൽ വാട്ടർ സപ്ളൈ സ്കീം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. അങ്ങേയ്ക്ക് അറിയാം അവിടെ ഫ്ളോട്ടിംഗ് പോപ്പുലേഷനാണ്. ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകർ വന്നിറങ്ങുന്ന ഒരു ടൗണാണത്. അതുകൊണ്ട് അവിടെ ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതിനും എ.സി. പൈപ്പുകൾ റീ-പ്ളേസ് ചെയ്യുന്നതിനും അടിയന്തരനടപടി ആ നിയോജകമണ്ഡലത്തിനെ സംബന്ധിച്ച് ഉണ്ടാകണം. പ്രത്യേകമായ ഒരു യോഗം ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി വിളിച്ചു ചേർക്കാനുള്ള നടപടി കൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**കുടിവെള്ളക്ഷാമം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ വരൾച്ചമൂലമുണ്ടായിട്ടുള്ള രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. വിതരണ ശൃംഖലയിൽ ഉണ്ടായിട്ടുള്ള ചോർച്ച നീക്കുന്നതിനുള്ള പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. ചോർച്ചകൾ യഥാസമയം അറിയിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ പാണ്ഡവൻപാറ, കാപ്പിമല, അങ്ങാടിക്കൽ, ഇടനാട്, മംഗലം തുടങ്ങിയ സ്ഥലങ്ങളിലെ പൈപ്പുകളിലെ

ചോർച്ച മാറ്റിയിട്ടുണ്ട്. വിതരണശൃംഖല ദീർഘിപ്പിച്ച് കുടിവെള്ളം എത്തിക്കുന്നതിനും പുതിയ ടാപ്പുകൾ നിർമ്മിക്കുന്നതിനുംവേണ്ടി 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെന്റർ നടപടി പുരോഗമിക്കുന്നു. ചെങ്ങന്നൂർ ടൗൺ, മുണ്ടങ്കാവ്, കുന്നത്തുമല, കിഴക്കേനട തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള ട്രയൽ റൺ തുടങ്ങിക്കഴിഞ്ഞു. കൂടാതെ കുന്നത്തുമല ജലശുദ്ധീകരണ ശാലയിലേയും മിത്രപ്പുഴ കടവിലെ റോവാട്ടർ പമ്പ് ഹൗസ് റിപ്പയർ ചെയ്യുന്നതിനും സ്റ്റാന്റ് ബൈ പമ്പുകൾ വാങ്ങുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന തുരുത്തുമലയിൽ വാൽവ് ക്രമീകരിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രാജീവ്ഗാന്ധി ദേശീയ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി പട്ടികജാതി കോളനികളായ വലിയതുറ, ആമിനത്തുകുറ്റി നെടുവക്കാട്, ഉമ്മറപ്പള്ളി എന്നിവിടങ്ങളിലേയ്ക്ക് വിതരണശൃംഖല നീട്ടി 17 ടാപ്പുകളിൽക്കൂടി വിതരണം നടത്തിവരുന്നു. ഇതുവഴി 80 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. ആല, എണ്ണയ്ക്കാട്, വെൺമണി, പുലിയൂർ എന്നീ വില്ലേജുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും പഞ്ചായത്തുകളിൽനിന്ന് സ്ഥലം ലഭ്യമാകാതെ വന്നിരിക്കുകയാണ്. ആല, വെൺമണി, ബുധനൂർ, മുളക്കുഴ, പുലിയൂർ തുടങ്ങിയ പഞ്ചായത്തുകളിൽ കുടിവെള്ളം പരിഹരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ശ്രീ. വിഷ്ണുനാഥുമായി ആലോചിച്ച് ഒരു ഡേറ്റ് ഫിക്സ് ചെയ്യുന്നതാണ്.

**<u>തെന്മല ഡാമിന്റെ റിസർവോയർ ആഴം കൂട്ടേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. കെ. രാജു:</u> സർ, കല്ലട ഡാമിന്റെ റിസർവോയറിൽ അടിഞ്ഞു കൂടിയിട്ടുള്ള മണലും എക്കലും നീക്കംചെയ്യണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് പുനലൂർ നിയോജകമണ്ഡല ത്തിന്റെ മാത്രം വിഷയമല്ല. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലക ളിലെ വിവിധ മേഖലകളിൽ ജലസേചനത്തിനുവേണ്ടി ഉപയോഗിക്കുന്ന വെള്ളം സംഭരിക്കുന്നത് തെന്മല ഡാമിലാണ്. ഓരോ വർഷവും മണൽ, എക്കൽ എന്നിവ വന്നടിഞ്ഞ് റിസർവോയറിന്റെ ആഴം വലിയതോതിൽ കുറ ഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണ് തെന്മല ഡാമിൽ നേരത്തെ നടത്തിയിട്ടുള്ള പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. ഓരോ വർഷവും ശരാശരി രണ്ട് ശതമാനം എന്ന നിലയിലുള്ള ആഴത്തിന്റെ കുറവാണിപ്പോൾ ഉണ്ടായിക്കൊ ണ്ടിരിക്കുന്നത്. അതുകൊണ്ട് മഴ പെയ്താൽ വളരെ പെട്ടെന്നുതന്നെ ഡാം നിറയുകയും സംഭരിക്കുന്ന ജലം ഉടനെതന്നെ തുറന്നുവിടുകയുമൊക്കെ ചെയ്യേണ്ട സാഹചര്യം നിലവിലുണ്ട്. അവിടെ സൂക്ഷിക്കുന്ന വെള്ളത്തിന്റെ അളവ് ഈ ആഴക്കുറവു കാരണം വളരെ കുറഞ്ഞിരിക്കുകയാണ്. മണൽ ധാരാളമായി വന്നടിഞ്ഞിരിക്കുകയാണ്. തെന്മല ഡാമിനെ സംബന്ധിച്ച് പറ യുമ്പോൾ, പത്തനാപുരം മണ്ഡലത്തിന്റെ പ്രതിനിധികൂടിയായ ബഹുമാന പ്പെട്ട വനം വകുപ്പുമന്ത്രിയും കൂടി ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. വനമേ ഖലയിലാണ് ഈ ഡാം സ്ഥിതി ചെയ്യുന്നത്. ശെന്തുരുണി വന്യ മൃഗസംര ക്ഷണ കേന്ദ്രത്തിന്റെ ഭാഗത്താണ് ഈ ഡാം സ്ഥിതി ചെയ്യുന്നത്. അതു കൊണ്ട് വനം വകുപ്പും ജലസേചന വകുപ്പും സംയുക്തമായി ആലോചിച്ച് ഈ ഡാമിൽനിന്ന് മണൽ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം. അതിന്

ഫലപ്രദമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. എങ്കിൽ മാത്രമേ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കല്ലട ജലസേചനപദ്ധതി കൊണ്ടുള്ള പ്രയോജനം കൃഷിക്കും കുടിവെള്ളത്തിനും ലഭ്യമാകുകയുള്ളൂ. ഈ കനാലിൽക്കൂടി വെള്ളം ഒഴുകിയാൽ മാത്രമേ കിണറുകളിൽ വെള്ളം എത്തുകയുള്ളൂ. ഇത് രണ്ടുമൂന്ന് ജില്ലകളുടെ വിഷയമാണ്. വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം. ഡാമിലെ മണൽ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

## തെന്മല ഡാമിന്റെ റിസർവോയർ ആഴം കൂട്ടേണ്ടതിന്റെ ആവശ്യകത

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തെന്മല ഡാമിന്റെ റിസർവോയറിൽ മണ്ണും എക്കലും അടിഞ്ഞുകൂടി വെള്ളത്തിന്റെ സംഭരണശേഷി കുറഞ്ഞുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2004 -ൽ ഐ.എസ്.ആർ.ഒ-യുടെ സാറ്റലൈറ്റ് റിമോട്ട് സെൻസിംഗ് സർവ്വെ നടത്തിയപ്പോൾ ഓരോ വർഷവും ഡാമുകളുടെ സംഭരണശേഷി 0.62 ശതമാനം കുറഞ്ഞുവരുന്നുവെന്നും 1986 മുതൽ 2004 വരെ 11.4 ശതമാനം സംഭരണശേഷി കുറഞ്ഞുവെന്നും കണ്ടെത്തിയിട്ടുണ്ട്. എക്കലും മണ്ണും നീക്കം ചെയ്യാനുദ്ദേശിക്കുന്ന ഭാഗങ്ങൾ 1980-ലെ കേന്ദ്ര വനം സംരക്ഷണ നിയമപ്രകാരം വനം വകുപ്പിന്റെ അധീനതയിലായതിനാൽ ആയതിന് കേന്ദ്ര വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. 2010-ൽ തെന്മല റിസർവോയറിൽ സെഡിമെന്റേ

ഷൻ സർവ്വെ നടത്താൻ ചീഫ് ഹൈഡ്രോഗ്രാഫർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമേ കേന്ദ്ര വനംവകുപ്പിന്റെ അംഗീകാരത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

**കരമന-കളിയിക്കാവിള റോഡ് വീതി കൂട്ടേണ്ടതിന്റെ ആവശ്യകത**

ശ്രീ. ആർ. സെൽവരാജ്: സർ, ദേശീയപാത-47, കരമന-കളിയിക്കാവിള കേരളത്തിന്റെ തെക്കേയറ്റത്ത് തമിഴ്നാട് അതിർത്തി ഭാഗമാണ്. കളിയിക്കാവിള മുതൽ തിരുവനന്തപുരം വരെ എത്തുന്നതിനുള്ള കെ.എസ്.ആർ.ടി.സി.-യുടെ റണ്ണിംഗ് ടൈം ഒന്നര മണിക്കൂറാണ്. ഇപ്പോൾ തിരുവനന്തപുരത്ത് എത്തണമെങ്കിൽ മൂന്നര മണിക്കൂറിലധികം വേണം. തിക്കും തിരക്കുംമൂലം നിത്യേന ഉണ്ടാകുന്ന അപകടങ്ങളിൽ ആശുപത്രികളിൽ എത്തുന്നവരുടെ എണ്ണവും മരണമടയുന്നവരുടെ എണ്ണവും കൂടിവരികയാണ്. ജനങ്ങളുടെ യാത്രയ്ക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പാത വീതി കൂട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് വർഷങ്ങളേറെയായി. പക്ഷെ ഇന്നുവരെ അതിന്റെ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇരുഭാഗങ്ങളിലുമുള്ള പൊതുസ്ഥലങ്ങളും സർക്കാർ പുറമ്പോക്ക് ഭൂമിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയും ഏറ്റെടുക്കുന്നതിനുപോലും ഗവൺമെന്റ് തയ്യാറായിട്ടില്ല. റോഡിന്റെ ഇരുവശവുമുള്ള വസ്തു ഉടമകൾ മന്ദിരങ്ങൾ പൊളിച്ചുമാറ്റുന്നതിനും കടകൾ പൊളിച്ചുമാറ്റുന്നതിനുമുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ആവശ്യം മുൻനിർത്തി നാഷണൽ ഹൈവേ-47 കരമന മുതൽ കളിയിക്കാവിളവരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന തിക്കും തിരക്കും ഒഴിവാക്കി ജനങ്ങളുടെ യാത്രാസൗകര്യം

മെച്ചപ്പെടുത്തുന്നതിന് ഈ ഭാഗം വീതികൂട്ടി വസ്തുവുടമകൾക്ക് അളന്ന് തിട്ടപ്പെടുത്തി അവർക്കാവശ്യമായ വില നിർണ്ണയിച്ച് നൽകുന്നതിനും റോഡിന്റെ പണി ആരംഭിക്കുന്നതിനുമാവശ്യമായ നടപടി അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

**<u>കരമന-കളിയിക്കാവിള റോഡ് വീതി കൂട്ടേണ്ടതിന്റെ ആവശ്യകത</u>**

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, പൊതുമരാമത്ത് വകുപ്പിന്റെ 23-02-2012-ലെ ഉത്തരവുപ്രകാരം അലൈൻമെന്റ് അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കരമന മുതൽ വഴിമുക്ക് വരെയുള്ള ആദ്യഘട്ടത്തിലെ ആദ്യ റീച്ചായ കരമന-പ്രാവച്ചമ്പലം ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ 09-08-2012-ൽ പ്രസിദ്ധീകരിച്ചു. തുടർ നടപടിയുടെ ഭാഗമായി 5(A) ഹിയറിംഗ് കഴിഞ്ഞതിനുശേഷമുള്ള സ്ട്രക്ച്ചറൽ വാല്യുവേഷൻ നടപടികൾ പൊതുമരാമത്ത് ദേശീയപാത വിഭാഗം വേഗത്തിൽ നടത്തി വരികയാണ്. പുനരധിവാസ നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിച്ചു വരുന്നത്. കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ഉടനെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിന്റെ സർവ്വെ നടപടികൾ ഇന്നുമുതൽ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുമ്പോൾ സർക്കാർ പുറമ്പോക്ക് ഭൂമിയും ഇതിലേയ്ക്കായി ഉപയോഗപ്പെടുത്തുന്നതാണ്.

**ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ**

ശ്രീ. സാജു പോൾ: സർ, പെരുമ്പാവൂർ പട്ടണം ഗതാഗതക്കുരുക്കുമൂലം വീർപ്പുമുട്ടുകയാണ്. ഇതിന് പ്രതിവിധിയായി എൽ.ഡി.എഫ് സർക്കാർ 24-04-2010-ലെ 706/2010 പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവുപ്രകാരം പെരുമ്പാവൂർ ഠൗൺ ബൈപ്പാസ് റോഡിന് ഭരണാനുമതി നൽകി. 31-12-2010-ലെ 1938/2010 പി.ഡബ്ല്യൂ.ഡി. ഉത്തരവുപ്രകാരം സ്ഥലം ഏറ്റെടുക്കലിന് ഭരണാനുമതി ലഭിച്ചു. മൂന്നര കിലോമീറ്റർ നീളത്തിൽ 30 മീറ്റർ വീതിയിൽ 25 ഏക്കർ സ്ഥലമേറ്റെടുക്കണം. ഈ റോഡിന്റെ ദിശയിൽ ഒരു വീടുപോലുമില്ല. ആരെയും മാറ്റി പാർപ്പിക്കേണ്ടതുമില്ല. ആർക്കും ബുദ്ധിമുട്ടില്ലാത്ത ഏറ്റവും സുഗമമായ ഒരു അലൈൻമെന്റാണ്. 2011 മേയ് മാസത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവർ നിരവധി യോഗങ്ങൾ ചേർന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ രണ്ട് യോഗങ്ങൾ ചേർന്നു. യു.ഡി.എഫ് കൺവീനർ ശ്രീ. പി.പി. തങ്കച്ചനും കോൺഗ്രസുകാരായ ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാനും ജില്ലാ പഞ്ചായത്തംഗങ്ങളും പങ്കെടുത്തു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പാർട്ടിയിലെ പെരുമ്പാവൂർകാരനായ ഒരു ജില്ലാ നേതാവൊഴികെ മറ്റെല്ലാവരും ബൈപ്പാസിന് അനുകൂലമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പലതവണ നേരിട്ട് ഇടപെട്ടു. ആദ്യഘട്ടത്തിൽ പരാതിയുമായി കോടതിയിൽപോയ നാലുപേരുടെ പ്രശ്നം ചീഫ് എഞ്ചിനീ

യർ സ്ഥലപരിശോധന നടത്തി തീർപ്പാക്കി. റോഡിന്റെ ദിശയിൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01-08-2012-ൽ 1360/12 പി.ഡബ്ല്യൂ.ഡി നമ്പരായി പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ ഐ.എ.എസ്. വിശദമായ ഉത്തരവിറക്കി. 6(1) നോട്ടിഫിക്കേഷനിറങ്ങിയ ലാന്റ് അക്വിസിഷൻ ഓഫീസറെ നിയമിച്ച പദ്ധതിയാണിത്. ഒരു ജനറൽ മാർക്കറ്റിംഗ് സ്ഥാപനം മാത്രമാണിപ്പോൾ പരാതിക്കാർ. അവരുടെ കൈവശമുള്ള സ്ഥലത്തെ പുറമ്പോക്ക് സംരക്ഷിക്കലാണ് ലക്ഷ്യം. മറ്റ് രണ്ട് പരാതിക്കാർക്ക് ഏതാനും സെന്റ് സ്ഥലം മാത്രമേ സ്വന്തമായിട്ടുള്ളൂ. പെരുമ്പാവൂരിലെ എല്ലാവരും അനുകൂലിക്കുന്ന റോഡിന് പരാതിയുമായി നടക്കുന്നവർക്കൊപ്പം മന്ത്രിതല യോഗങ്ങളിൽ വന്ന് വാദിക്കുന്നതാരാണെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് അറിയാം. ബഹുമാനപ്പെട്ട ഹൈക്കോടതി വീണ്ടും പരാതി പരിശോധിക്കാൻ ഡബ്ല്യൂ.പി.സി 22442/2012 ഇ. ഇ. നമ്പർ കേസ്സിൽ 01-10-2012-ൽ നൽകിയ ഉത്തരവുപ്രകാരം രണ്ട് മാസത്തിനകം സർക്കാർ തീരുമാനമെടുക്കേണ്ടതാണ്. ചീഫ് എഞ്ചിനീയർ പരിശോധിച്ച് രണ്ടുപ്രാവശ്യം റിപ്പോർട്ട് നൽകിയ വിഷയം ഇപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനെ എൽപ്പിച്ചിട്ടുള്ള പ്രവൃത്തി തടസ്സപ്പെടുത്താനുള്ള ബോധപൂർവ്വമായ നീക്കമാണ് നടക്കുന്നത്. 20 മാസമാണ് നഷ്ടപ്പെട്ടത്. ഇനിയും ഈ സ്ഥലമേറ്റെടുക്കൽ നടപടികളും ടെണ്ടർ നടപടികളും പൂർത്തീകരിക്കാൻ ഒരു വർഷമെടുക്കും. വീണ്ടും രണ്ടുവർഷം കഴിഞ്ഞാൽ മാത്രമേ റോഡ് പണി തീർക്കാൻ

സാധിക്കുകയുള്ളൂ. അപ്പോൾ മൂന്നുവർഷം കഴിഞ്ഞുമാത്രമേ ഗതാഗതം സാധ്യമാകുകയുള്ളൂ. - ‘പറന്നു പോയ പക്ഷിയെ വീണ്ടും പിടിക്കാം, കാലമോ പോകിൽ പോയി’ എന്നല്ലേ; ഇപ്പോൾ അലൈൻമെന്റ് സ്റ്റോണിടുന്നത് നിറുത്തിവച്ചിരിക്കുകയാണ്. അങ്ങനെ കോടതി പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ പേജ് 40-ൽ, ബൈപ്പാസുകളുടെ നിർമ്മാണത്തിന് പരമ പ്രാധാന്യം നൽകുമെന്ന് ഇക്കഴിഞ്ഞ ദിവസമാണ് ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞത്. അതുകൊണ്ട് ഈ ബൈപ്പാസിന്റെ നിലവിലുള്ള തടസ്സങ്ങൾ നീക്കി അടിയന്തരമായി ഇത് യാഥാർത്ഥ്യമാക്കണമെന്നും അല്ലാത്തപക്ഷം പെരുമ്പാവൂരിലെ എല്ലാ രാഷ്ട്രീയകക്ഷി നേതാക്കളും ഭരണകക്ഷി നേതാക്കളും ജനപ്രതിനിധികളുമുൾപ്പെടെയുള്ളവർ നിരാഹാര സമരം ഉൾപ്പെടെയുള്ള കഠിനമായ സമര പ്രക്ഷോഭ പരിപാടികളിലേയ്ക്ക് പോകേണ്ടി വരുമെന്നുള്ള കാര്യം ഈ സഭയെ ഞാൻ വിനയപൂർവ്വം അറിയിക്കുകയാണ്.

മി. സ്പീക്കർ: സഭയിൽ സമര പ്രഖ്യാപനമൊന്നും വേണ്ട.

ശ്രീ. സാജു പോൾ: പെരുമ്പാവൂരിൽകൂടി കടന്നുപോയിട്ടുള്ള എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഈ ബൈപ്പാസിന്റെ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനയത്തോടെ അപേക്ഷിക്കുകയാണ്.

## ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പെരുമ്പാവൂർ ബൈപ്പാസിന്റെ അലൈൻമെന്റിനെതിരെ ബഹുമാനപ്പെട്ട

ഹൈക്കോടതിയിലുള്ള അവസാനത്തെ കേസ്സിലെ 01-01-2012-ൽ പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് അലൈൻമെന്റിനെപ്പറ്റി ഒരു പ്രാദേശികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റോഡ്സ് വിഭാഗം മധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ ഒരു മാസത്തെ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ അലൈൻമെന്റിന് അന്തിമരൂപം നൽകുകയും പെരുമ്പാവൂർ ബൈപ്പാസിനുവേണ്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുകയും തുടർന്ന് നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്.

## കരി ഓയിൽ പ്രയോഗം

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ ദിവസം തിരുവനന്തപുരത്തെ ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ സ്ഥിതിചെയ്യുന്ന ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ ഡയറക്ടർ ശ്രീ. കേശവേന്ദ്രകുമാർ, ഐ.എ.എസ്.-ന് നേർക്ക് ഏതാണ്ട് 25 ഓളം വരുന്ന കെ.എസ്.യു. സംസ്ഥാന ജില്ലാനേതാക്കൾ കരിയോയിൽ പ്രയോഗം നടത്തുകയും ആ ഓഫീസ് തകർക്കുന്നതിനുവേണ്ടി പെട്രോൾ ബോംബ് അടക്കമുള്ള മാരകായുധങ്ങളുമായി ആക്രമണം നടത്തുന്ന സ്ഥിതിവിശേഷമുണ്ടായി. മെമ്മോറാണ്ടം കൊടുക്കാൻ വേണ്ടിയാണ് ആ ഓഫീസിൽ കെ.എസ്.യു. വിന്റെ നേതാക്കൾ എത്തിച്ചേർന്നത്. 25-ൽ അധികം വരുന്ന ആൾക്കാരുണ്ടായിരുന്നു. ഡയറക്ടർ ശ്രീ. കേശവേന്ദ്രകുമാർ, ഐ.എ.എസ്സുമായി സംസാരിച്ചുകൊണ്ടിരിക്കെയാണ് ഒരുകൂട്ടം ആളുകൾ

കരി ഓയിൽ അദ്ദേഹത്തിന്റെ ദേഹത്ത് ഒഴിച്ചത്. ഐ.എ.എസ്. ഓഫീസർമാർ ഇന്നലെ അടിയന്തരമായി യോഗം ചേരുകയും ഇതുസംബന്ധിച്ച് ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ആ ഓഫീസിലുണ്ടായിരുന്ന ക്ലാർക്കും ഡയറക്ടറുടെ പ്രൈവറ്റ് സെക്രട്ടറിയും അക്രമികളെ ചെറുക്കുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ അവരേയും ആക്രമിക്കുന്ന സ്ഥിതിവിശേഷമാണുണ്ടായത്. അതിൽ ആകെ 8 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. പ്രെടോൾ ബോംബ് അടക്കമുള്ള മാരകായുധങ്ങളുമായി വന്ന ആൾക്കാരെ ആരും തന്നെ അറസ്റ്റ് ചെയ്തിട്ടില്ല. കെ.പി.സി.സി. ഓഫീസിലിരുന്ന് യോഗം ചേർന്ന് - കെ.പി.സി.സി. നേതാക്കൾ അറിഞ്ഞുകൊണ്ടാണ് എന്നൊന്നും ഞാൻ പറയുന്നില്ല, ഗൂഢാലോചന നടത്തിയതിനുശേഷമാണ് അവർ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എത്തിച്ചേർന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഉദ്യോഗസ്ഥന്മാർക്ക് മാന്യമായി ജോലിചെയ്യുന്നതിനുള്ള അനുവാദം കൊടുക്കേണ്ടതായിട്ടുണ്ട്. കെ.എസ്.യു.ക്കാരെ ഈ രൂപത്തിൽ അഴിച്ചുവിടുന്നത് ഒട്ടും ശരിയല്ല. ഐക്യകേരളം രൂപീകരണത്തിനുശേഷം ഒരു ഐ.എ.എസ്. ഓഫീസറുടെ ദേഹത്ത് കരിഓയിൽ ഒഴിക്കുന്നത് ആദ്യത്തെ സംഭവമാണ് എന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാനിടയില്ല. അതുകൊണ്ട് പെട്രോൾ ബോംബുമായി വന്ന ആൾക്കാരെ അത് കൊണ്ടുവന്നതിന്റെ പേരിലുള്ള വകുപ്പുകൾകൂടി ചേർത്ത് അറസ്റ്റ് ചെയ്യണം. ഇപ്പോൾ കേസ്സെടുക്കുന്നതിന് ചെറിയ വകുപ്പുകളാണ് എടുത്തിട്ടുള്ളത്. ഇനിയും പത്തുപതിനഞ്ചോളം വരുന്ന ആൾക്കാരെക്കൂടി അറസ്റ്റ് ചെയ്യാനുണ്ട്. അവരെക്കൂടി അറസ്റ്റ് ചെയ്ത് മാതൃകാപരമായ നടപടി സ്വീകരിക്കുവാനും ഉദ്യോഗസ്ഥന്മാർക്ക് - പ്രത്യേകിച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥരെപ്പോലുള്ള ഉന്നത ഉദ്യോഗസ്ഥർക്ക്, ഉദ്യോഗസ്ഥന്മാരായിരുന്നാലും

പ്യൂൺ ആയിരുന്നാലും താഴ്ന്ന ജീവനക്കാരായിരുന്നാലും അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയോട്അഭ്യർത്ഥി ക്കുകയാണ്.

## കരി ഓയിൽ പ്രയോഗം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നടപ ടിയാണ് എടുത്തിട്ടുള്ളത്. വിദ്യാർത്ഥി സമരത്തിന്റെ പേരിലാണെങ്കിലും ഏതു രൂപത്തിലാണെങ്കിലും ഏത് പാർട്ടിയായാലും ഓഫീസിൽ കയറി ഉദ്യോഗ സ്ഥരെ ആക്രമിക്കുന്നത് ശരിയല്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അങ്ങ് സൂചിപ്പിച്ചതുപോലെ 8 പേരാണ് അതിലുണ്ടായിരുന്നത്. ആ 8 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാനിയമം 143, 147, 149, 294 (ബി), 342, 353, 323 പി.ഡി.പി.പി. ആക്ട് സെക്ഷൻ 3(ഇ) ക്രൈം 253/2013 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 പേരേയും അറസ്റ്റ് രേഖപ്പെടുത്തി റിമാന്റ് റിപ്പോർട്ട് സഹിതം ബഹുമാനപ്പെട്ട തിരുവനന്ത പുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - III മുമ്പാകെ ഹാജരാക്കി 14 ദിവസത്തേയ്ക്ക് അവരെ റിമാന്റ് ചെയ്തിട്ടുണ്ട്. അവരെ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ സമീപന ത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. ഗവൺമെന്റ് നേരത്തെ പറ ഞ്ഞതുപോലെ ഈ കാര്യത്തിൽ നിയമപരമായ സമീപനത്തിൽ രാഷ്ട്രീ യത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തലുകളുണ്ടാകില്ല. കരി ഓയിൽ ഒഴി

ക്കുന്നത് ഏത് കാലത്തായാലും ശരിയല്ല. പണ്ടൊരു കാലത്ത് ഇതുപോലുള്ള ഒരു സംഭവം ശ്രീ. കെ.വി. തോമസിനെതിരെ നടന്നിട്ടുണ്ട്. പല ആളുകൾക്കു മെതിരായി ഇതുപോലുള്ള സംഭവങ്ങൾ നടന്നിട്ടുണ്ട്. അത് അന്നും തെറ്റാണെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഇന്നും ഇത് തെറ്റാണെന്നുള്ള സമീപന മാണ് ഗവൺമെന്റിനുള്ളത്. ഈ കാര്യത്തിൽ ഗവൺമെന്റ് കർക്കശമായ നിലപാടെടുത്തിട്ടുണ്ട്.

## കരി ഓയിൽ പ്രയോഗം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വ്യക്തമായ നടപടിയെടുക്കുമെന്ന് പറഞ്ഞു. ഇതുപോലുള്ള സമരമാർഗ്ഗങ്ങൾ ആരുടെ ഭാഗത്തുനിന്നുവന്നാലും ഒരിക്കലും അംഗീകരിക്കാനാവില്ല. അതിന് ഭരണ-പ്രതിപക്ഷ വ്യത്യാ സമില്ലാതെ എല്ലാവരുടേയും സഹകരണം വേണമെന്നാണ് എനിക്ക് പറയാനു ള്ളത്. കരി ഓയിൽ ഒഴിക്കുക, നായ്ക്കരണപ്പൊടി ഇടുക, മലിനജലം ഒഴി ക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ കേരളത്തിന്റെ പാരമ്പര്യത്തിനും സംസ്കാരത്തിനും ചേർന്നതല്ല. സമരം ചെയ്യാൻ എല്ലാവർക്കും അവകാശ വും സ്വാതന്ത്ര്യവുമുണ്ട്. ഫീസ് കൂട്ടിയതിന്റെ പേരിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ ഇങ്ങനെ പ്രതികരിച്ചിട്ട് എന്തു കാര്യമാണുള്ളത്? പ്രതി ഷേധിക്കാം. ഇവിടെ നയപരമായ തീരുമാനമെടുക്കുന്നത് ഗവൺമെന്റാണ്. അവർ കരി ഓയിൽ ഒഴിക്കുന്നെങ്കിൽ എന്റെ മുഖത്തായിരുന്നു ഒഴിക്കേണ്ടിയി രുന്നത്, അല്ലാതെ ഒരു ഉദ്യോഗസ്ഥന്റെ ദേഹത്തല്ല. പ്രത്യേകിച്ച്, വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിന്മേൽ ഒരു തീരുമാനമുണ്ടാക്കിയതിനു ശേഷം.... അതുകൊണ്ട് ഇതിനെതിരെ കർശനമായ നിയമനടപടിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്.